പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4119 | 24.10.2016-ൽ മറുപടി നൽകാനുണ്ടായിരുന്നത്

## കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഭവനനിർമ്മാണ അനുമതി ലഭിക്കുന്നതിനായി എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും കേരള തീരദേശപരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുന്നതെന്നു വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | 2019-സി.ആർ.ഇസഡ് വിജ്ഞാപനമനുസരിച്ച് 300m2 വരെയുള്ള വാസഗൃഹങ്ങളുടെ അപേക്ഷകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നത്. ആയതു പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ചിരുന്നവയും ഇപ്പോൾ ലഭിക്കുന്നതുമായ അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. 300m2-ന് മുകളിലുള്ള വാസഗൃഹങ്ങളുടെ അപേക്ഷകളാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ പരിശോധിച്ചുവരുന്നത്. സി.ആർ.ഇസഡ് 2011/2019 വിജ്ഞാപനപ്രകാരം സമർപ്പിച്ച അപേക്ഷകളിൽ കോടതി വ്യവഹാരം ഉള്ളവ ഒഴികെയുള്ളവ എല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | എന്നുമുതലുള്ള അപേക്ഷകളാണ് ഇവയെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അദാലത്ത് സംഘടിപ്പിച്ചു കൊണ്ട് പ്രശ്നപരിഹാരം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി), (ഡി) & (ഇ) | അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചാണ് പരിഗണിക്കുന്നത്. പുതിയ അതോറിറ്റി നിലവിൽ വന്നതിനുശേഷം 04/08/2016, 03/09/2016, 20/09/2016, 15/10/2016 എന്നീ തീയതികളിൽ അതോറിറ്റി യോഗം കൂടുകയും 400-ഓളം ഫയലുകളിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തു. കാലതാമസം ഒഴിവാക്കുന്നതിനായി പരമാവധി യോഗങ്ങൾ കൂടി കേസുകൾ തീർപ്പാക്കുവാൻ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | മുൻഗണനാക്രമം തെറ്റിച്ചുകൊണ്ട് ഏതെങ്കിലും അപേക്ഷകൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ